<u>**15 -ാം കേരള നിയമസഭ**</u>

<u>**13 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1131**</u> <u>**11-02-2025 - ൽ മറുപടിയ്ക്ക്**</u>

<u>**കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകളുടെ പ്രവർത്തന പുരോഗതി**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. പി. സി. വിഷ്ണുനാഥ്** | | **ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ചിട്ടുള്ള ഫിഷറീസ് റോഡുകളുടെ നിലവിലെ നിർമ്മാണ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത റോഡുകളിൽ ഉത്തരവായിട്ടും നിർമ്മാണം ആരംഭിക്കാത്തതും പൂർത്തീകരണ കാലാവധി കഴിഞ്ഞിട്ടും നിർമ്മാണം പൂർത്തിയാക്കാത്തതുമായ പ്രവൃത്തികൾ ഇനം തിരിച്ച് ഏതൊക്കെയാണെന്നും, ആയത് പൂർത്തീകരിക്കുന്നതിനുള്ള കാലതാമസത്തിന് കാരണം എന്തൊക്കെയാണെന്നും വിശദമാക്കാമോ.? | (ബി) | വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

## കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ

| | | | |
|---|---|---|---|
| **1** | പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ്ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് **0** മുതൽ **1674** വരെയുള്ള ഭാഗത്തെ **New formation road, GSB, WMM, BM, Protection wall, cross drain** എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ **2** ബൈറോഡുകളുടെ നിർമ്മാണവും **BC** യും **side concrete** പ്രവൃത്തിയും പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദു ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ **07.11.2024** ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കരാറുകാരനെ ഉൾപ്പെടുത്തി യോഗം ചേരുകയും ടെർമിനേഷൻ നടപടി മൂലം കാലഹരണപ്പെട്ട പ്രവൃത്തിയുടെ രണ്ട് ബൈറോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാർ റദ്ദ് ചെയ്ത നടപടി റിവോക്ക് ചെയ്തിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| **2** | പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ്ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് **0** മുതൽ **226** വരെ കോൺക്രീറ്റ് റോഡിൽ **1:2:4 wearing coat** പ്രവൃത്തിയും ചെയിനേജ് **226** മുതൽ **2000** വരെ **GSB, WMM, BM** എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടി റോഡിന്റെ ചെയിനേജ് **2000** മുതൽ അവസാന ഭാഗം വരെയുള്ള **New formation road, protection wall,** മെയിൻ റോഡിന്റെ **BC** എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാത്തിതനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദു ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു: ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ **07.11.2024** ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കരാറുകാരനെ ഉൾപ്പെടുത്തി യോഗം ചേരുകയും ആ യോഗത്തിൽ ടി പ്രവൃത്തിയിലെ റോഡിന്റെ അവസാന ഭാഗത്ത് സ്ഥിതിചെയ്യുന്ന മുസ്ലീം പള്ളിയുമായി ചേർന്നുള്ള ഭാഗത്ത് ഖബർ നിലനിൽക്കുന്നതിനാൽ ടി ഭാഗത്ത് നിശ്ചിത വീതിയിൽ റോഡ് പ്രവൃത്തി നടത്തുവാൻ സാധിക്കില്ലായെന്നും ടി ഭാഗത്ത് **BM** വരെയുള്ള പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായും **BC** പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ആയതിനാൽ പ്രവൃത്തി റിവോക്ക് ചെയ്ത് ക്ലോസ് ചെയ്യുന്നതിന് തീരുമാനിച്ചു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി ഭാഗത്തെ പ്രവൃത്തി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. |
| **3** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ്ഷൻ മുതൽ മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ പ്രവൃത്തി | | ടി പ്രവൃത്തിയിൽ പ്രോട്ടക്ഷൻ വാൾ, ക്രോസ് ഡ്രെയിൻ, ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചത്. കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കിയിരുന്നു. കരാറുകാരൻ പ്രവൃത്തി സമയബന്ധതമായി പൂർത്തീകരിക്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നടപടി റിവോക്ക് ചെയ്തു. എന്നാൽ തുടർന്നും ടി പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ റിവോക്ക് ചെയ്ത ഉത്തരവ് വീണ്ടും റദ്ദ് ചെയ്തു. |

| | | | |
|---|---|---|---|
| **4** | പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം | | ടി പ്രവൃത്തിയുടെ തുടക്കഭാഗം മുതൽ ഏകദേശം **326** മീറ്റർ നീളത്തിൽ **protection wall** ന്റെ പ്രവൃത്തിയും, ഫില്ലിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ റോഡിന്റെ മദ്ധ്യഭാഗത്ത് റോഡ് പ്രവൃത്തിക്കായി സ്ഥലം വിട്ട് നൽകുന്നതിനായി കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിൽ റോഡിന്റെ അവസാനഭാഗത്തെ സ്ഥലതർക്കം പരിഹരിച്ച് സംരക്ഷണഭിത്തി നിർമ്മാണം ആരംഭിച്ച് പുരോഗമിച്ച് വരുന്നു. |
| **5** | **Steel wire plant** പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട്കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം | | ടി റോഡിലെ സ്ഥലം ലഭ്യമായ ഭാഗത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും പ്രവൃത്തി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| **6** | പെരിനാട് ഗ്രാമപഞ്ചായത്തിലെ കുണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ | | ടി പ്രവൃത്തിയുടെ മെയിൻ റോഡിലെ **WMM** ഉം **BM, BC** പ്രവൃത്തിയും സൈഡ് ഇന്റർലോക്ക് പ്രവൃത്തിയും പൂർത്തീകരിച്ചു. ബൈറോഡ് **1** ന്റെ ടാറിംഗ് പ്രവൃത്തിയും, ബൈറോഡ് **3** ന്റെ കോൺക്രീറ്റ് പ്രവൃത്തിയും ബൈറോഡ് **2** ലെ ഡ്രെയിനിന്റെ ഒരു ഭാഗത്തെ സൈഡ് വാൾ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ബൈ റോഡ് **2** ന്റെ ഡ്രെയിൻ കവർ സ്ലാബ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഡ്രെയിനിൽ വെള്ളക്കെട്ട് നിലനിന്നതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടത്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **7** | പേരയം ഗ്രാമ പഞ്ചായത്തിലെ ക്രിസ്തുരാജ് ജംഗ്ഷൻ സെറാമിക്സ് പൂക്കൊയിക്കൽ നീരൊഴുക്കുവിള | | കോടതി വ്യവഹാരമുള്ള ഭാഗവും സ്ഥലം ലഭ്യമാകാത്ത ഭാഗവും ഒഴിവാക്കി പ്രവൃത്തി പൂർത്തീകരിച്ചു. |
| **8** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മാങ്കുഴി തെങ്ങുവിള റോഡ് പുനരുദ്ധാരണ പ്രവൃത്തി. | | കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. |
| **9** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മങ്കുഴി | | കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു |

| | | | |
|---|---|---|---|
| | ഫാത്തിമ മെമ്മോറിയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി. | | |
| **10** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മതിനൂർ ജംഗ്ഷൻ കുന്നിമേൽ കോളനി റോഡ് പ്രവൃത്തി. | | ഭരണാനുമതി **28.09.2024** തീയതിയിൽ ലഭിച്ചു. ടി റോഡിൽ പഞ്ചായത്ത് മുഖേന ടാറിംഗ് പ്രവൃത്തി ക്രമീകരിച്ചിരുന്നു. ആയതിനാൽ പഞ്ചായത്ത് മുഖേന നടപ്പിലാക്കാനുള്ള പദ്ധതി ഒഴിവാക്കിക്കൊണ്ട് പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. |

**<u>അനുബന്ധം</u>**

**കുണ്ടറ നിയോജകമണ്ഡലത്തിലെ ഫിഷറീസ് റോഡുകൾ**

| | | | |
|---|---|---|---|
| **1** | പെരിനാട് ഗ്രാമപഞ്ചായത്തിലെ കേരളപുരം ജംഗ്ഷൻ മുതൽ ചന്ദനത്തോപ്പ് ഐ.റ്റി.ഐ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് **0** മുതൽ **1674** വരെയുള്ള ഭാഗത്തെ **New formation road, GSB, WMM, BM, Protection wall, cross drain** എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചു. എന്നാൽ **2** ബൈറോഡുകളുടെ നിർമ്മാണവും **BC** യും **side concrete** പ്രവൃത്തിയും പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്തത്തിൽ കരാർ റദ്ദു ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു. ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് ബഹു. ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ **07.11.2024** ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കരാറുകാരനെ ഉൾപ്പെടുത്തി യോഗം ചേരുകയും ടെർമിനേഷൻ നടപടി മൂലം കാലഹരണപ്പെട്ട പ്രവൃത്തിയുടെ രണ്ട് ബൈറോഡിന്റെ പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാർ റദ്ദ് ചെയ്ത നടപടി റിവോക്ക് ചെയ്തിട്ടുണ്ട്. കരാറുകാരൻ പ്രവൃത്തി പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |
| **2** | പെരിനാട് ഗ്രാമപഞ്ചായത്തിലെ ഇളമ്പള്ളൂർ മുതൽ കേരളപുരം ജംഗ്ഷൻ വരെയുള്ള റെയിൽവെ സമാന്തര റോഡിന്റെ പുനരുദ്ധാരണം | | ഈ പ്രവൃത്തിയിൽ ഉൾപ്പെട്ട മെയിൻ റോഡിന്റെ ചെയിനേജ് **0** മുതൽ **226** വരെ കോൺക്രീറ്റ് റോഡിൽ **1:2:4 wearing coat** പ്രവൃത്തിയും ചെയിനേജ് **226** മുതൽ **2000** വരെ **GSB, WMM, BM** എന്നീ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ടി റോഡിന്റെ ചെയിനേജ് **2000** മുതൽ അവസാന ഭാഗം വരെയുള്ള **New formation road, protection wall,** മെയിൻ റോഡിന്റെ **BC** എന്നീ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. കരാറുകാരൻ |

| | | | |
|---|---|---|---|
| | | | സമയബന്ധിതമായി പ്രവൃത്തി നടപ്പാക്കാത്തിതനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദു ചെയ്യുകയും പ്രവൃത്തി പുനക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാൻ ആരംഭിച്ചുവെങ്കിലും കരാറുകാരൻ ബഹു: ഹൈക്കോടതിയെ സമീപിച്ച് കരാർ റദ്ദാക്കിയ നടപടിയ്ക്ക് സ്റ്റേ വാങ്ങുകയുണ്ടായി. തുടർന്ന് ബഹു.ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിന്റെ അടിസ്ഥാനത്തിൽ **07.11.2024** ൽ ചീഫ് എഞ്ചിനീയറുടെ അദ്ധ്യക്ഷതയിൽ കരാറുകാരനെ ഉൾപ്പെടുത്തി യോഗം ചേരുകയും ആ യോഗത്തിൽ ടി പ്രവൃത്തിയിലെ റോഡിന്റെ അവസാന ഭാഗത്ത് സ്ഥിതിചെയ്യുന്ന മുസ്ലീം പള്ളിയുമായി ചേർന്നുള്ള ഭാഗത്ത് ഖബർ നിലനിൽക്കുന്നതിനാൽ ടി ഭാഗത്ത് നിശ്ചിത വീതിയിൽ റോഡ് പ്രവൃത്തി നടത്തുവാൻ സാധിക്കില്ലായെന്നും ടി ഭാഗത്ത് **BM** വരെയുള്ള പ്രവൃത്തികൾ പൂർത്തിയായാൽ മാത്രമേ പൂർണ്ണമായും **BC** പ്രവൃത്തി നടപ്പിലാക്കാൻ സാധിക്കുകയുള്ളു. ആയതിനാൽ പ്രവൃത്തി റിവോക്ക് ചെയ്ത് ക്ലോസ് ചെയ്യുന്നതിന് തീരുമാനിച്ചു. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് ടി ഭാഗത്തെ പ്രവൃത്തി നടപ്പിലാക്കുന്നതിനും തീരുമാനിച്ചു. |
| **3** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ സ്വാമിക്കട ജംഗ്ഷൻ മുതൽ മഞ്ചാടിമൂല കടത്ത്കടവ് വരെയുള്ള റോഡിന്റെ നിലവാരമുയർത്തൽ പ്രവൃത്തി | | ടി പ്രവൃത്തിയിൽ പ്രോട്ടക്ഷൻ വാൾ, ക്രോസ് ഡ്രെയിൻ, ഫില്ലിംഗ് എന്നീ പ്രവൃത്തികൾ ഭാഗികമായി മാത്രമാണ് പൂർത്തീകരിച്ചത്. കരാറുകാരൻ പ്രവൃത്തി സമയബന്ധിതമായി നടപ്പാക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ റദ്ദാക്കിയിരുന്നു. കരാറുകാരൻ പ്രവൃത്തി സമയബന്ധതമായി പൂർത്തീകരിക്കാമെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ടി നടപടി റിവോക്ക് ചെയ്തു. എന്നാൽ തുടർന്നും ടി പ്രവൃത്തി വേണ്ടത്ര പുരോഗതി കൈവരിക്കാത്തതിനാൽ റിവോക്ക് ചെയ്ത ഉത്തരവ് വീണ്ടും റദ്ദ് ചെയ്തു. |

| | | | |
|---|---|---|---|
| **4** | പേരയം ഗ്രാമ പഞ്ചായത്തിലെ ബ്രൂണോ ബർണാഡ് മുതൽ പുലിച്ചാണി കായൽവാരം വരെയുള്ള റോഡിന്റെ പുനരുദ്ധാരണം | | ടി പ്രവൃത്തിയുടെ തുടക്കഭാഗം മുതൽ ഏകദേശം **326** മീറ്റർ നീളത്തിൽ **protection wall** ന്റെ പ്രവൃത്തിയും, ഫില്ലിംഗ് പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. എന്നാൽ ഈ റോഡിന്റെ മദ്ധ്യഭാഗത്ത് റോഡ് പ്രവൃത്തിക്കായി സ്ഥലം വിട്ട് നൽകുന്നതിനായി കോടതി വ്യവഹാരങ്ങൾ നിലനിന്നിരുന്നതിനാൽ പ്രവൃത്തി സമയബന്ധിതമായി പൂർത്തീകരിക്കാൻ കഴിഞ്ഞില്ല. നിലവിൽ റോഡിന്റെ അവസാനഭാഗത്തെ സ്ഥലതർക്കം പരിഹരിച്ച് സംരക്ഷണഭിത്തി നിർമ്മാണം ആരംഭിച്ച് പുരോഗമിച്ച് വരുന്നു. |
| **5** | **Steel wire plant** പനയംകോട് ആഞ്ചേരി ഏല കിളിത്തട്ട് വിള പിള്ളവീട്കാവ് തെങ്ങയം റോഡിന്റെ പുനരുദ്ധാരണം | | ടി റോഡിലെ സ്ഥലം ലഭ്യമായ ഭാഗത്തെ എല്ലാ പ്രവൃത്തികളും പൂർത്തീകരിക്കുകയും പ്രവൃത്തി അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| **6** | പെരിനാട് ഗ്രാമപഞ്ചായത്തിലെ കുണ്ടറ വെറ്റിനറി ഹോസ്പിറ്റൽ ജംഗ്ഷൻ മുതൽ നാന്തിരിക്കൽ ചർച്ച് റ്റി.സി.എം. ജംഗ്ഷൻ റോഡിന്റെ നിലവാരം ഉയർത്തൽ | | ടി പ്രവൃത്തിയുടെ മെയിൻ റോഡിലെ **WMM** ഉം **BM, BC** പ്രവൃത്തിയും സൈഡ് ഇന്റർലോക്ക് പ്രവൃത്തിയും പൂർത്തീകരിച്ചു. ബൈറോഡ് **1** ന്റെ ടാറിംഗ് പ്രവൃത്തിയും, ബൈറോഡ് **3** ന്റെ കോൺക്രീറ്റ് പ്രവൃത്തിയും ബൈറോഡ് **2** ലെ ഡ്രെയിനിന്റെ ഒരു ഭാഗത്തെ സൈഡ് വാൾ പ്രവൃത്തിയും പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ബൈ റോഡ് **2** ന്റെ ഡ്രെയിൻ കവർ സ്ലാബ് പ്രവൃത്തി പൂർത്തീകരിക്കാനുണ്ട്. ഡ്രെയിനിൽ വെള്ളക്കെട്ട് നിലനിന്നതിനാലാണ് പ്രവൃത്തി തടസ്സപ്പെട്ടത്. നിലവിൽ ടി പ്രവൃത്തി പൂർത്തീകരിക്കുന്നതിന് കരാറുകാരന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| **7** | പേരയം ഗ്രാമ പഞ്ചായത്തിലെ ക്രിസ്തുരാജ് ജംഗ്ഷൻ സെറാമിക്സ് പൂക്കൊയിക്കൽ നീരൊഴുക്കുവിള | | കോടതി വ്യവഹാരമുള്ള ഭാഗവും സ്ഥലം ലഭ്യമാകാത്ത ഭാഗവും ഒഴിവാക്കി പ്രവൃത്തി പൂർത്തീകരിച്ചു. |
| **8** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മാങ്കുഴി തെങ്ങുവിള റോഡ് പുനരുദ്ധാരണ പ്രവൃത്തി. | | കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു. |
| **9** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മങ്കുഴി | | കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചു |

| | | | |
|---|---|---|---|
| | ഫാത്തിമ മെമ്മോറിയൽ റോഡ് പുനരുദ്ധാരണ പ്രവൃത്തി. | | |
| **10** | പെരിനാട് ഗ്രാമ പഞ്ചായത്തിലെ മതിനൂർ ജംഗ്ഷൻ കുന്നിമേൽ കോളനി റോഡ് പ്രവൃത്തി. | | ഭരണാനുമതി **28.09.2024** തീയതിയിൽ ലഭിച്ചു. ടി റോഡിൽ പഞ്ചായത്ത് മുഖേന ടാറിംഗ് പ്രവൃത്തി ക്രമീകരിച്ചിരുന്നു. ആയതിനാൽ പഞ്ചായത്ത് മുഖേന നടപ്പിലാക്കാനുള്ള പദ്ധതി ഒഴിവാക്കിക്കൊണ്ട് പ്രവൃത്തിയുടെ സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി പരിശോധിച്ചു വരുന്നു. |